കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 15 | ഏപ്രിൽ 15 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ


3 കൃഷി സമൃദ്ധി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ട ഒരു സമീപനമാണ്: കൃഷിമന്ത്രി പി പ്രസാദ്

6 കാസർഗോഡ് കവുങ്ങ് കർഷകരുടെ പ്രതിസന്ധി പരിഹരിക്കാൻ വിദഗ്ദ്ധ സംഘത്തെ രൂപീകരിക്കും: കൃഷി മന്ത്രി പി. പ്രസാദ്

7 കേരളത്തിൽ നിന്ന് കാപ്പിയും കുരുമുളകും കയറ്റുമതി ചെയ്യാൻ ധാരണയായി: കൃഷി മന്ത്രി പി. പ്രസാദ്


# ആന്ധ്രാ മോഡൽ പ്രകൃതി കൃഷി പഠിക്കാൻ കൃഷിവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കാർഷിക വിദഗ്ദ്ധരുടെ സംഘം സന്ദർശനം നടത്തി

പ്രകൃതി കൃഷി രീതികൾ പഠിക്കുന്നതിലൂടെ കൃഷി വകുപ്പ് നടത്തുന്ന ജൈവ കാർഷിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ദിശാബോധം നൽകുന്നതിന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള കാർഷികോദ്യോഗസ്ഥർ അടങ്ങിയ വിദഗ്ധ സംഘം ആന്ധ്രപ്രദേശിലെ എൻ.ടി.ആർ. ജില്ലയിൽ സന്ദർശനം നടത്തി. കേരളത്തിൽ ജൈവ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ വിജയകരമാക്കുകയും, കൃഷി വകുപ്പ് ഫാമുകളിൽ പ്രകൃതി കൃഷി രീതികൾ നടപ്പിലാക്കി സുസ്ഥിര കാർഷിക വികസനം സാധ്യമാക്കുകയുമാണ് സന്ദർശനത്തിന്റെ ലക്ഷ്യം. ആന്ധ്രാപ്രദേശ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ റൈത്തു സാധികാര സമസ്ത (RySS) ഇടപെടലിലൂടെ വിജയകരമായി നടപ്പിലാക്കിയ ആന്ധ്രാപ്രദേശ് കമ്മ്യൂണിറ്റി മാനേജ്ഡ് നാച്ചുറൽ ഫാർമിംഗ് (APCNF) പദ്ധതിയുടെ പ്രത്യേകതകൾ സ്ഥലസന്ദർശനങ്ങളിലൂടെ മനസിലാക്കുന്നതിനും, കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ച് ഫലപ്രദമായി പദ്ധതി നടപ്പിലാക്കുന്നതിനുമാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്.

കാലാവസ്ഥ അനുരൂപ കൃഷിരീതികൾ അനുവർത്തിക്കേണ്ടതിന്റെ ആവശ്യകതയും കൃഷിയിടങ്ങളിൽ വർഷം മുഴുവനും ജൈവകവചം സൃഷ്ടിച്ച് കാലാവസ്ഥ വ്യതിയാനങ്ങളെ ചെറുത്തുനില്ക്കുന്നതിന്റെ ആവശ്യകതയെയും കുറിച്ച് RySS എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ റ്റി. വിജയകുമാർ ഐ.എ. എസ്. സംസാരിച്ചു. തദവസരത്തിൽ രാസ കൃഷി രീതികൾ അനുവർത്തിക്കുമ്പോൾ പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചും നാച്ചുറൽ ഫാർമിംഗ് രീതിയിലൂടെ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനെക്കുറിച്ചും ഇരുസംസ്ഥാനങ്ങളും ചർച്ച നടത്തി. സംഘം മാവ് കർഷകയായ രമാദേവി,



ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിനു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

പച്ചക്കറി കർഷകയായ വല്ലിഭി എന്നിവരുടെ കൃഷിയിടങ്ങൾ സന്ദർശിച്ചു. ഇടവിള കൃഷിയിലെ നൂതന ആശയങ്ങളെപറ്റിയും പ്രകൃതിക്ഷോഭങ്ങളെ ചെറുത്തുനിൽക്കുന്നതിൽ പ്രകൃതികൃഷി രീതികൾ അനുവർത്തിച്ച വിളകളുടെ പ്രത്യേകതയും സംഘം വിലയിരുത്തി. പ്രകൃതി കൃഷി രീതിയിൽ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണന രീതികൾ മനസ്സിലാക്കുന്നതിന് സംഘം വനിതാ സ്വയം സഹായ സംഘം പ്രതിനിധികളുമായി ആശയവിനിമയം നടത്തി. മൂന്നു ദിവസത്തെ സന്ദർശനം നടത്തുന്ന കേരളത്തിൽ നിന്നുള്ള ഉന്നതതല സംഘം ആന്ധ്രാപ്രദേശ് കൃഷി മന്ത്രിയുമായി കൂടിക്കാഴ്ച നടത്തും. കൃഷി വകുപ്പ് ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. കൃഷി അഡിഷണൽ ഡയറക്ടർ



തോമസ് സാമുവൽ, മുണ്ടേരി ഫാം ഡെപ്യൂട്ടി ഡയറക്ടർ ഷക്കീല.പി, നെല്ലിയാമ്പതി ഫാം സൂപ്രണ്ട് സാജിദലി പി, ആലുവ ഫാം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ലിസി മോൾ, സീനിയർ അഗ്രികൾച്ചർ ഓഫീസർമാരായ രശ്മി എം.വി., ഷിജോ കെ കാർഷിക സർവകലാശാല പ്രൊഫസർ ഡോ.അപർണ ബി. തുടങ്ങിയവരാണ് സംഘത്തിലുള്ളത്.

# തലനാടൻ ഗ്രാമ്പുവിന് ഭൗമസൂചിക പദവി – ദേശിയ – അന്തർദേശിയ വിപണികളിൽ പ്രീയമേറും




സുഗന്ധവിളകളിൽ പ്രധാനിയും പാചക മസാലക്കൂട്ടുകളിൽ ഒഴിച്ചുകൂടാനാവാത്തതുമായ കരയാമ്പൂ എന്ന തലനാടൻ ഗ്രാമ്പുവിന് കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും സംയുക്ത ഇടപെടലിലൂടെ സവിശേഷ വിളകൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ഭൗമസൂചിക പദവി ലഭിച്ചു. പ്രാദേശികമായ പ്രത്യേകതകളാൽ ഉന്നത ഗുണനിലവാരത്തിലും ഔഷധഗുണങ്ങളാൽ സമ്പുഷ്ടവുമായ തലനാടൻ ഗ്രാമ്പുവിന് ഇനി ദേശിയ-അന്തർദേശിയ വിപണികളിൽ പ്രീയമേറും. കോട്ടയം മീനച്ചിൽ താലൂക്കിലെ മലമ്പ്രദേശമായ തലനാട് ഗ്രാമപഞ്ചായത്ത്, സമുദ്രനിരപ്പിൽ നിന്നും 3000 അടി ഉയരത്തിൽ ഗ്രാമ്പു കൃഷിക്ക് അനുയോജ്യമായ

കാലാവസ്ഥയോട് കൂടിയ സ്ഥിതിചെയ്യുന്ന പ്രദേശമാണ്.

നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ തലനാടിന്റെ മണ്ണിലേക്ക് അതിഥിയായി എത്തിയ ഗ്രാമ്പുവിനെ ഇവിടത്തുകാർ ഇരുകൈയും നീട്ടി സ്വീകരിക്കുകയായിരുന്നു. തലനാടൻ ക്ലോവ് ഗ്രോവേഴ്സ് ആൻഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിലാണ് ഗ്രാമ്പുവിന്റെ സംഭരണം, സംസ്കരണം, ഗ്രേഡിംഗ്, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വിളവെടുക്കുന്ന ഗ്രാമ്പു മൊട്ടിന്റെ ആകർഷകമായ നിറം, ഗുണമേന്മയിലെയും വലിപ്പത്തിലെയും സവിശേഷതകൾ എന്നിവയാണ് തലനാടൻ ഗ്രാമ്പുവിനെ വിപണിയിൽ വ്യത്യസ്തനാക്കുന്നത്. വിളവെടുക്കുന്ന മൊട്ടിന്റെ ഗുണമേന്മയും വിപണിയിലെ സ്വീകാര്യതയും മനസിലാക്കി മികച്ച വില നൽകി സംഭരിക്കാൻ സ്ഥിരം ഉപഭോക്താക്കളും ഇവിടത്തെ ഗ്രാമ്പുവിന് ഉണ്ട്. വിളവെടുപ്പ് കാലമായ ഡിസംബർ-ജനവരി കാലത്തെ തലനാട് പ്രദേശത്തെ സവിശേഷമായ കുറഞ്ഞ താപനിലയും വിളവെടുത്ത ഗ്രാമ്പുവിൽ നിന്നുള്ള ഓയിൽ നഷ്ടം കുറയ്ക്കാൻ സഹായിക്കുന്നതായി പഠനങ്ങളും സർവ്വേകളും വെളിപ്പെടുത്തുന്നു. കേരള കാർഷിക സർവകലാശാലയിൽ നടത്തിയ വിശദമായ പരിശോധനയിൽ തലനാടൻ ഗ്രാമ്പുവിൽ വിപണി വില നിർണ്ണയിക്കുന്ന എസ്സൻഷ്യൽ ഓയിൽ ഘടകങ്ങളായ യൂജിനോൾ (49.95-73.67%), കാരിയോഫിലിൽ (13.44%) എന്നിവയുടെ അളവ് മറ്റു പ്രദേശങ്ങളിലേതിനേക്കാൾ ഉയർന്ന തോതിലാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. കോട്ടയത്തെ തലനാട്, മൂന്നിലവ്, മേലുകാവ് പഞ്ചായത്തുകളിലായാണ് പ്രധാനമായും ഗ്രാമ്പു കൃഷി ചെയ്ത് വരുന്നത്. ഭൗമസൂചിക പദവി ലഭിച്ചതിന് പിന്നാലെ തലനാടൻ ഗ്രാമ്പു എന്ന ബ്രാൻഡിൽ കരയാമ്പൂ വിപണിയിൽ എത്തിക്കാൻ നടപടികൾ ആരംഭിച്ചതായി തലനാടൻ ക്ലോവ് ഗ്രോവേഴ്സ് ആൻഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രതിനിധികൾ അറിയിച്ചു. കേരളത്തിൽ കോട്ടയം, കൊല്ലം ജില്ലകളിലും, തമിഴ്നാട്ടിലെ കന്യാകുമാരി, നാഗർകോവിൽ, തിരുന്നൽവേലി, നീലഗിരി, രാമനാഥപുരം എന്നിവിടങ്ങളിലും കർണാടകയിലെ സൗത്ത് കണാറയിലുമാണ് ഗ്രാമ്പു പ്രധാനമായും കൃഷി ചെയ്യുന്നത്.





# സഹജീവനം,പ്രകൃതിക്കൊപ്പം അതിജീവനം, കഥ പറഞ്ഞ് അട്ടപ്പാടി ചുരത്തിലെ ചുമർചിത്രം



കാടുണ്ടെങ്കിലേ നമ്മളുള്ളൂ. ചുവരുണ്ടെങ്കിലേ ചിത്രങ്ങളുള്ളൂ ",എങ്കിൽ ചുവരിൽ ചിത്രം വരച്ച് കാട് കാക്കാൻ ഒരുങ്ങുകയാണ് തവനൂർ കാർഷിക എൻജിനീയറിങ് കോളേജിലെ എൻഎസ്എസ് വിദ്യാർത്ഥികളും വനം വകുപ്പും.സൈലന്റ്വാലിയിലേക്കും അട്ടപ്പാടി മലനിരകളിലേക്കും ചുരം കയറി പോകുമ്പോൾ റോഡിന്റെ വശത്തെ മതിലിൽ ഒരുക്കിയിട്ടുള്ള മനോഹരമായ ചുവർചിത്രം പറയുന്നത് അട്ടപ്പാടി - സൈലൻ്റ് വാലി മേഖലയുടെ സംസ്കാരവും പ്രകൃതി സംരക്ഷണത്തിൻ്റെ ആവശ്യകതയുമാണ്. പലനിറങ്ങളിൽ വരച്ച് ചേർത്ത ഈ ബോധവൽക്കരണ ചുവർചിത്രത്തിൻ്റെ ആശയം തവനൂർ കാർഷിക എൻജിനീയറിങ് കോളേജിലെ എൻഎസ്എസ് യൂണിറ്റിൻ്റേതാണ്.

ജന്തുജാലങ്ങളുമായി അനുഗ്രഹീതമായ അട്ടപ്പാടി ചുരം റോഡ് മാലിന്യത്തിൽ മുങ്ങിയിരുന്നു. വനത്തിലൂടെ കടന്നു പോകുന്ന പാതയുടെ ഇരുവശത്തും ആളുകൾ മാലിന്യമെറിഞ്ഞതോടെ ചുരം ചീഞ്ഞുനാറാൻ തുടങ്ങി.ബോധവൽക്കരണ പോസ്റ്റുകളും അറിയിപ്പുകളുമെല്ലാം വച്ചെങ്കിലും ഫലപ്രദമായില്ല.ചുരം നന്നായാൽ കാട് നന്നാകുമെന്നു തോന്നിയതോടെയാണ് പാറക്കെട്ടുകളിലും മതിലുകളിലുമെല്ലാം മനോഹരമായ ചിത്രങ്ങൾ വരയ്ക്കാമെന്ന ആശയം എൻഎസ്എസ് വോളണ്ടിയർമാർക്ക് തോന്നിയത്. തുടർന്ന് മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷൻ പ്രോത്സാഹനവുമായെത്തി.രാഷ്ട്രീയപാർട്ടികളുടെയും മറ്റ് സംഘടനകളുടെയും ചുവരെഴുത്തും പോസ്റ്ററുകളും എല്ലാമായി അലങ്കോലപ്പെട്ടു കിടന്ന മതിലിൽ ചിത്രം വരയക്കാൻ അവസരം ഒരുക്കി കൊടുത്തത് മണ്ണാർക്കാട് റേഞ്ച് ഓഫീസർ ശ്രീ സുബൈർ ആണ്. ഡെപ്യൂട്ടി ശ്രീ അഷ്റഫും അദ്ദേഹത്തിന്റെ ടീമും വിദ്യാർത്ഥികൾക്ക് എല്ലാ പിന്തുണയും നൽകി.

തവനൂർ കാർഷിക കോളജിൻ്റെ എൻഎസ്എസ് സപ്ത ദിന ക്യാമ്പ് ആയ "ആരണ്യകം 2025" ൻ്റെ പ്രധാന ആകർഷണമായ "ഹരിത കേരളം" പദ്ധതിയുടെ ഭാഗമായാണ് ചുരം സൗന്ദര്യവൽക്കരണം നടത്തുന്നത്. . പത്താംവളവ് എത്തുന്നതിനു മുമ്പ് ഏകദേശം 500 മീറ്റർ മാറിയാണ് 750 ചതുരശ്രഅടി വിസ്തീർണത്തിൽ ചുവർചിത്രം ഒരുക്കിയത്. ഈ ചുവർചിത്രവും ഇനി അട്ടപ്പാടിയുടെ അഴകുകളിൽ ഒന്നായി രേഖപ്പെടുത്തും എന്ന് സംശയമില്ല.

മനുഷ്യനും പ്രകൃതിയും സഹവർത്തിച്ച് ജീവിക്കേണ്ടത്തിൻ്റെ പ്രാധാന്യവും അതിലൂടെയുള്ള അതിജീവനവും കൂടാതെ  സൈലന്റ് വാലിയുടെ അപൂർവ ജീവജാലങ്ങളും എല്ലാം ചേരുന്ന ചിത്രം വരയ്ക്കാൻ നേതൃത്വം നൽകുന്നത് തവനൂർ കാർഷിക എൻജിനീയറിങ് കോളേജിലെ 38-ാം  ബാച്ചിലെ എൻഎസ്എസ് വിദ്യാർഥികളാണ്.പ്രോഗ്രാം ഓഫീസർ അസിറ്റന്റ് പ്രൊഫസർ വൈശാഖ് വേണു ,വോളന്റീർ സെക്രട്ടറി ഗംഗ എസ് ബിജു , വോളന്റീർസ് ആയ നവ്യ ,അനില ,ജേക്കബ് ,ബിഞ്ചു ,ഡോണ ,ഫസ്ന തുടങ്ങിയവരുടെ നേതൃത്വത്തിൽ 50 ഓളം പേരാണ് ഉദ്യമത്തിൽ പങ്കെടുത്തത് 'സഹജീവനം പ്രകൃത്തിക്കൊപ്പം അതിജീവനം' എന്ന സന്ദേശത്തോടെയാണു ചുവർച്ചിത്രം. മനോഹരമായ ചിത്രങ്ങൾ വരുന്നതോടെ ചുരത്തിലേക്കുള്ള മാലിന്യം വലിച്ചെറിയൽ കുറയുമെന്നാണ് വനം വകുപ്പ് പ്രതീക്ഷിക്കുന്നത്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh